# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2877

20.07.2011-ൽ
മറുപടിക്ക്.

## കേരള വെൻചർ ക്യാപ്പിറ്റൽ ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. കെ. അജിത് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കേരള വെൻചർ ക്യാപ്പിറ്റൽ ഫണ്ട് സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചത് എന്നാണ് ; ഈ ഫണ്ടിന്റെ മുതൽമുടക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) രണ്ടായിരമാണ്ട് മാർച്ച് മാസം മുതൽ കേരള വെൻചർ ക്യാപ്പിറ്റൽ ഫണ്ട് സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. 20 കോടി രൂപയുടെ മുതൽ മുടക്കാണ് (സിഡ്ബി - 10 കോടി, കെ.എസ്.ഐ.ഡി.സി - 5 കോടി, കെ.എഫ്.സി - 5 കോടി) പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 7.48 കോടി രൂപ മാത്രമാണ് (സിഡ്ബി - 3.65 കോടി, കെ.എസ്.ഐ.ഡി.സി - 1.83 കോടി, കെ.എഫ്.സി - 2 കോടി) ഈ സംരംഭത്തിൽ ഇതുവരെ മുതൽമുടക്കിയത്. |
| (ബി) പ്രസ്തുത ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി മേഖലകളിൽ പ്രവർത്തിക്കുന്ന നൂതന വ്യവസായ സംരംഭങ്ങളിൽ ഓഹരി നിക്ഷേപം നടത്തുന്നതാണ് ഫണ്ടിന്റെ മുഖ്യ ഉദ്ദേശ്യലക്ഷ്യം. |
| (സി) പ്രസ്തുത ഫണ്ട് മുഖേന ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി മേഖലകളിൽ ഇതുവരെ എത്ര നൂതന വ്യവസായ സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) 7 വ്യവസായ സംരംഭങ്ങളിൽ (ഇൻഫർമേഷൻ ടെക്നോളജി) കേരള വെൻചർ ക്യാപ്പിറ്റൽ ഫണ്ട് ഓഹരി നിക്ഷേപം നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**